ലൈക് പേജ്

ബഷീർ തൃപ്പനച്ചി

basheerudheentp@gmail.com

ആത്മീയതയും അവയുടെ സംഘടനാ രൂപങ്ങളും മികച്ച ഒരു തൊഴിലിടമാകുമ്പോൾ മതത്തെ ഒരു തൊഴിലുറപ്പ് പദ്ധതിയായി പ്രഖ്യാപിക്കാൻ ഇനിയുമെന്തിന് നാം അമാന്തിക്കണം.

# മതം ഒരു തൊഴിലുറപ്പ് പദ്ധതിയാണ്

ഭൗതികതയുടെ മറുപക്ഷത്തെയാണ് മതം പ്രതിനിധീകരിക്കുന്നത്. ആത്മീയ ഭൗതിക വിമോചനത്തെ പരിചയപ്പെടുത്തിയ പ്രവാചക ദീനിനെ കുറിച്ചല്ല ഇപ്പറയുന്നത്. ആചാരാനുഷ്ഠാനങ്ങളെയും സ്വർഗനരകങ്ങളെയും കുറിച്ച് മാത്രം വാചാലമാകുന്ന മതമാണുദ്ദേശ്യം. ഭൗതികതയുടെ മാർഗവും ലക്ഷ്യവും ദുനിയാവാണെങ്കിൽ മതം സംസാരിക്കുന്നത് ആഖിറത്തിനെ കുറിച്ചാണ്. രണ്ടും ജീവിക്കുന്നത് ഒരു ഭൂമിയിലായതിനാൽ പരസ്പര സ്വാധീനങ്ങൾ സ്വാഭാവികം. ആത്മീയ പ്രഭാഷകർക്ക് നമ്മുടെ മതമാർക്കറ്റിൽ ഭൗതിക ഡിമാന്റ് വർധിക്കുന്നത് ഈ പരസ്പര സ്വാധീനത്തിന്റെ മികച്ച ഉദാഹരണമാണ്. മലബാറിലെ പല ഗ്രാമങ്ങളിലും കാൽപ്പന്തുകളിക്കായി സജ്ജീകരിച്ച മൈതാനിയിൽ സെവൻസ് ഫുട്ബോളിന്റെ ആരവമൊഴിഞ്ഞാൽ അവിടെ അരങ്ങേറുന്നത് ആത്മീയ പ്രഭാഷണങ്ങളാണ്. പലപ്പോഴും രണ്ടിന്റെയും സംഘാടകരും വളന്റിയർമാരും ഒരേ ടീം തന്നെ. മുപ്പതിനായിരമോ അമ്പതിനായിരമോ മുൻകൂർ പണമടച്ചാൽ തെക്ക് നിന്ന് നല്ല ഈണവും മുഴക്കവുമുള്ള ആത്മീയ പ്രഭാഷകരെത്തും. സംഘാടകർ ആരായാലും അഡ്രസിൽ ദീനീസ്ഥാപനത്തിന്റെയോ മഹല്ലിന്റെയോ പേരുണ്ടാകണമെന്ന് മാത്രം. പരലോകം പറഞ്ഞ് പേടിപ്പിച്ചും ചൊല്ലുന്ന സ്വലാത്തുകളുടെ ബർകത്ത് പറഞ്ഞ് പ്രലോഭിപ്പിച്ചും ശ്രോതാക്കളിൽ നിന്ന് എത്ര ലക്ഷം പിരിച്ചെടുക്കണമെന്ന ടാർഗറ്റ് ആദ്യം തന്നെ നിശ്ചയിക്കപ്പെടും. ക്വാട്ടക്കപ്പുറം സംഖ്യ പിരിഞ്ഞാൽ അതിലൊരു ശതമാനം പ്രഭാഷകന് അധികമായും ലഭിക്കും. ഒരു പങ്ക് സംഘാടകർക്കും ബാക്കിയുള്ളത് ദീനീ സ്ഥാപനങ്ങൾക്കും അതിന്റെ നടത്തിപ്പുകാർക്കും.



പ്രവാചക ജീവിതത്തിന്റെ ലാളിത്യത്തിൽ തുടങ്ങി ദുനിയാവിന്റെ നശ്വരതയിലൂടെ പരലോക ശിക്ഷയുടെ പേടിപ്പെടുത്തലുകളിൽ പ്രസംഗം മുറുകുമ്പോൾ സ്വിറാത്ത് പാലം കടക്കാൻ ബർകാത്തക്കപ്പെട്ട സ്വലാത്തുകൾ പ്രഭാഷകൻ ഓഫർ ചെയ്യുന്നു. മീസാനിൽ കനം തൂങ്ങാൻ പ്രഖ്യാപിക്കുന്ന സംഭാവനയുടെ കനമനുസരിച്ച് സ്വലാത്തിന്റെ എണ്ണവും ദുആയുടെ ഇശലും ഈണവും വ്യത്യാസപ്പെടുന്നു. ഒടുവിൽ പരിപാടിയവസാനിക്കുമ്പോൾ സംഘാടകരുടെ കണക്കു കൂട്ടലിനപ്പുറം സംഖ്യ പിരിയുന്നു. മഹല്ല് കമ്മിറ്റിയും ഉസ്താദുമാരും മുതഅല്ലിമീങ്ങളും വളണ്ടിയർമാരും സംഘാടകരും പ്രഭാഷകനുമെല്ലാം പരിപാടിയുടെ റിസൽറ്റിൽ ഹാപ്പി. ദീനും ദുനിയാവും ഇത്ര മനോഹരമായി ഒത്തുപോകുന്നയിടം വേറെ ഏതുണ്ട്! സാമ്പത്തിക ബാധ്യതയിൽ കലാശിക്കുന്ന ഫുട്ബോൾ മേള സംഘാടകരും മറ്റുള്ളവരുമെല്ലാം നഷ്ടം നികത്താൻ ആ വേദിയിലിപ്പോൾ ഇത്തരം ആത്മീയ പ്രഭാഷണങ്ങൾ നടത്താൻ തുടങ്ങിയിരിക്കുന്നു. മലബാറിലിപ്പോൾ തങ്ങളുടെ കാലമാണെന്ന് തിരിച്ചറിഞ്ഞ് തെക്ക് നിന്ന് ഷാളും തൊപ്പിയുമണിഞ്ഞ കൂടുതൽ പേർ ഈ രംഗത്തേക്ക് വന്നുകൊണ്ടിരിക്കുന്നു.

തിരുകേശ വിവാദവുമായി ബന്ധപ്പെട്ട് ഒരു പ്രമുഖ പ്രഭാഷകൻ കളം മാറാൻ തയാറായപ്പോൾ അദ്ദേഹത്തിന് ലഭിച്ച ഓഫറുകളും ഈ വിഷയത്തോട് ചേർത്ത് പറയേണ്ടതാണ്. അദ്ദേഹത്തിന്റെ പഴയ അനുയായികൾ തന്നെയാണ് കൂറുമാറാൻ പ്രഭാഷകന് ലഭിച്ച ഓഫറുകൾ സോഷ്യൽ നെറ്റ്വർക്കുകളിൽ ആദ്യം പ്രചരിപ്പിച്ചത്. ദിവസങ്ങൾ പിന്നിട്ടില്ല, കാലുമാറി പകുതി ദൂരം പിന്നിട്ടടിയാൻ പഴയ ഈറ്റില്ലത്തേക്ക് തന്നെ തിരിച്ചു നടന്ന വാർത്ത വന്നു. ഒട്ടും വൈകാതെ പിൻനടത്തത്തിന് പ്രചോദനമായ ഞെട്ടിക്കുന്ന ഓഫറുകൾ മറുപക്ഷവും സോഷ്യൽ നെറ്റ്വർകിൽ പ്രസിദ്ധപ്പെടുത്തി. മുമ്പ് തങ്ങൾ പ്രഖ്യാപിച്ച ഓഫറിനേക്കാൾ മികച്ചത് ലഭിച്ചപ്പോഴാണ് കൂറുമാറ്റം പൂർണമാവാതെ തിരിച്ചുപോയതെന്നാണ് അവർ പറയാതെ പറഞ്ഞത്. ഇസ്‌ലാമെന്ന ‘മതത്തെ’ കേരളത്തിൽ പ്രതിനിധീകരിക്കുന്ന രണ്ട് പ്രമുഖ മതസംഘടനകളുടെ അകത്തളത്തിൽ നടന്ന വർത്തമാനമാണിത്. ആത്മീയതയും അവയുടെ സംഘടനാ രൂപങ്ങളും മികച്ച ഒരു തൊഴിലിടമാകുമ്പോൾ മതത്തെ ഒരു തൊഴിലുറപ്പ് പദ്ധതിയായി പ്രഖ്യാപിക്കാൻ ഇനിയുമെന്തിന് നാം അമാന്തിക്കണം. ■

Vol. No: 70 Issue No. 38 Printed at Al Ghurair printing & Publishing House co. (L.L.C.) Dubai-UAE. Editor: T.K. Abdulla